File No.FWLD-D3/201/2018-FWLD

പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2816 07.12.2018 ൽ മറുപടിയ്ക്ക്

2018-19 -ലെ വനം വകുപ്പിന്റെ വാർഷിക പദ്ധതി

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 2018-19-ൽ വനം വകുപ്പിന്റെ വാർഷിക പദ്ധതിയുടെ തുക എത്രയായിരുന്നു; അറിയിക്കമോ; | (എ) | 2018-19-ൽ വനം വകുപ്പിന്റെ വാർഷിക പദ്ധതി തുക 24,322.20 ലക്ഷം രൂപ സംസ്ഥാന വിഹിതവും, 5620.80 ലക്ഷം രൂപ കേന്ദ്ര വിഹിതവുമുൾപ്പടെ ആകെ 29,943.00 ലക്ഷം രൂപയാകുന്നു. എന്നാൽ, സംസ്ഥാനത്തുണ്ടായ പ്രളയത്തെ തുടർന്ന് സർക്കാർ ഉത്തരവ് നമ്പർ.153/2018/ഫിൻ തീയതി 29.09.2018 പ്രകാരം സംസ്ഥാന പദ്ധതി അടങ്കൽ തുകയിൽ നിന്ന് 20% കുറവ് വരുത്താൻ നിർദ്ദേശിച്ചതനുസരിച്ച് 2824.68 ലക്ഷം രൂപയുടെ കുറവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ വനവത്ക്കരണ പരിപാടി - ഹരിത ഇന്ത്യക്കായുള്ള ദേശീയദൗത്യം എന്ന ശീർഷകത്തിലെ 3675.00 ലക്ഷം രൂപയും അനുവദിച്ചിട്ടില്ല. ഈ തുകകൾ ഒഴിവാക്കിയാൽ 2018-19-ൽ വനം വകുപ്പിന്റെ വാർഷിക പദ്ധതി തുക 23,443.32 ലക്ഷം രൂപ ആകുന്നു. |
| (ബി) | ഇതുവരെ ഈ തുകയിൽ നിന്ന് എത്ര തുക ചെലവഴിച്ചു; | (ബി) | 2018 നവംബർ 30 തീയതി വരെ മേൽ വിവരിച്ച 23,443.32 ലക്ഷം രൂപയിൽ നിന്നും 8982.841 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത കാലയളവിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പദ്ധതികളിൽ ഇതുവരെയും ആരംഭിക്കാത്ത പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്നും ഏതൊക്കെ സർക്കിളുകളിലാണെന്നും വ്യക്തമാക്കുമോ? | (സി) | പ്രസ്തുത കാലയളവിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പദ്ധതികളിൽ അംഗീകാരം നൽകിയ പദ്ധതികളെല്ലാം ആരംഭിച്ചിട്ടുണ്ട്. National Afforastation Programme - National Mission for Green India (60:40 between Centre and State) എന്ന പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷത്തിലേക്കുള്ള പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അംഗീകാരം നാളിതുവരെ ലഭിച്ചിട്ടില്ല. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ